**"ഭരണ ഭാഷ – മാതൃഭാഷ"**

# ഇൻഫർമേഷൻ കേരളാ മിഷൻ

പബ്ലിക്ക് ഓഫീസ് ബിൽഡിംഗ്, പബ്ലിക്ക് ഓഫീസ് പി.ഒ ,തിരുവനന്തപുരം – 695 033

**17.04.2023–ന് വൈകുന്നേരം 3.00–ന് തിരുവനന്തപുരം സെക്രട്ടറിയേറ്റ് അനക്സ് –1 ബിൽഡിംഗിൽ ബഹു: തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ചേംബറിൽ വച്ച് നടന്ന ഇൻഫർമേഷൻ കേരളാ മിഷൻ സൊസൈറ്റിയുടെ 28–ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ നടപടിക്കുറിപ്പ്.**

**യോഗത്തിൽ പങ്കെടുത്തവരുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.**

| ക്രമ നമ്പർ | പേര് | സ്ഥാനം |
|---|---|---|
| 1 | ശ്രീമതി. ശാരദാ മുരളീധരൻ ഐഎഎസ്, അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്. | **ചെയർപേഴ്സൺ** |
| 2 | ഡോ.സന്തോഷ് ബാബു ഐഎഎസ് (Rtd), ചീഫ് മിഷൻ ഡയറക്ടർ & എക്സിക്യൂട്ടീവ് ഡയറക്ടർ (i/c), ഇൻഫർമേഷൻ കേരള മിഷൻ | **മെമ്പർ സെക്രട്ടറി** |
| 3 | ശ്രീ. ജി അനിൽകുമാർ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ് | **മെമ്പർ** |
| 4 | ശ്രീമതി.ത്രേസ്യാമ്മ ആന്റണി, ചീഫ് രജിസ്ട്രാർ, പ്രിൻസിപ്പൽ ഡയറക്ടറേറ്റ് (പഞ്ചായത്ത് ഡയറക്ടർക്ക് വേണ്ടി) | **മെമ്പർ** |
| 5 | ശ്രീ.ഹരികുമാർ. കെ, ജോയിന്റ് ഡയറക്ടർ, പ്രിൻസിപ്പൽ ഡയറക്ടറേറ്റ് (നഗരകാര്യ ഡയറക്ടർക്ക് വേണ്ടി) | **മെമ്പർ** |

**അജണ്ട–1**

**വിഷയം: 11.10.2022 ന് നടന്ന ഇരുപത്തിഏഴാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിട്സ് സ്ഥിരീകരിക്കുന്നത് സംബന്ധിച്ച്.**

**തീരുമാനം**

11.10.2023 ന് കൂടിയ ഇരുപത്തിഏഴാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിട്ട്സ് ചർച്ചകൾക്കു ശേഷം സ്ഥിരീകരിച്ചു.

**അജണ്ട–2**

**വിഷയം: ഇരുപത്തിഏഴാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങളിൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച്.**

ഇരുപത്തിഏഴാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിട്സ് പ്രകാരം സ്വീകരിച്ച അനന്തര നടപടികൾ എക്സിക്യൂട്ടീവ് ഡയറക്ടർ യോഗത്തിൽ വിശദീകരിക്കുകയും, ആയത് കമ്മിറ്റി അംഗങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുകയും, റെക്കോഡാക്കുകയും ചെയ്തു.

**അജണ്ട–3**

**വിഷയം: എക്സിക്യൂട്ടീവ് ഡയറക്ടറുടെ നിലവിലെ ആവർത്തന / ഒറ്റത്തവണ ചെലവഴിക്കൽ അധികാരം ഒരു ലക്ഷം രൂപയിൽ നിന്ന് പത്ത് ലക്ഷം രൂപയായി ഉയർത്തുന്നത് സംബന്ധിച്ച്.**

**തീരുമാനം**

ഇനം തിരിച്ച് വിശദമായ എക്സിക്യൂട്ടീവ് ഡയറക്ടറുടെ **Delegation of Financial Powers** ന്റെ പ്രൊപ്പോസൽ അടുത്ത എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ അവതരിപ്പിക്കുന്നതിന് തീരുമാനിച്ചു.

**അജണ്ട–4**

**വിഷയം: ഐ.കെ.എമ്മിന്റെ ആറാമത് ഗവേണിംഗ് ബോഡി യോഗം ചേരുന്നത് സംബന്ധിച്ച്.**

**തീരുമാനം**

ഗവേണിംഗ് ബോഡി യോഗം ഉടൻതന്നെ ചേരുന്നതിന് ചെയർമാനോട് (ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയോട്) തീയതിയും സമയവും ആവശ്യപ്പെടുന്നതിന് തീരുമാനിച്ചു.

**അജണ്ട –5**

**വിഷയം: 2023–24 സാമ്പത്തിക വർഷത്തിൽ ഐ.കെ.എം നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്ന പ്രോജക്റ്റുകളുടെ അംഗീകാരം സംബന്ധിച്ച്.**

**തീരുമാനം**

2023–24 സാമ്പത്തിക വർഷത്തിൽ ഐ.കെ.എം നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്ന പ്രോജക്റ്റുകൾ അജണ്ടയിൽ ഉൾപ്പെടുത്തിയിരുന്നത് എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിച്ചു.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പരിഷ്കരിച്ച വെബ്സൈറ്റിൽ ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തുന്നതിന് വെബ്മാസ്റ്റേഴ്സ് ടീം രൂപീകരിക്കേണ്ടതാണെന്ന് ചെയർപേഴ്സൺ യോഗത്തിൽ അറിയിച്ചു. ബിൽഡിംഗ് പെർമ്മിറ്റ്, പ്രോപ്പർട്ടി ടാക്സ് എന്നീ ആപ്ലിക്കേഷനുകളിൽ GIS ഡേറ്റാ ഉൾപ്പെടുത്തി ചെയ്യുന്നതിന് തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് അധിക സാമ്പത്തിക ബാധ്യത ഉണ്ടാകാതെ ചെയ്യുന്നതിനുള്ള വഴി കണ്ടെത്തണമെന്ന് ചെയർപേഴ്സൺ നിർദ്ദേശിച്ചു. കൂടാതെ അർബൻ ലോക്കൽ ബോഡികളിൽ സിവിൽ രജിസ്ട്രേഷൻ ഡേറ്റാ മൈഗ്രേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ ഉടൻതന്നെ സ്വീകരിക്കേണ്ടതാണ്.

**<u>അജണ്ട -6</u>**

**വിഷയം: കഴിഞ്ഞ എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് ശേഷം (11.10.2022) ഐ.കെ.എം ചെയ്ത പ്രവർത്തനങ്ങളുടെ ഒരു റിപ്പോർട്ട് സമർപ്പിക്കുന്നത് സംബന്ധിച്ച്.**

കഴിഞ്ഞ എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് ശേഷം (11.10.2022) ഐ.കെ.എം ചെയ്ത പ്രവർത്തനങ്ങളുടെ ഒരു റിപ്പോർട്ട് എക്സിക്യൂട്ടീവ് ഡയറക്ടർ യോഗത്തിൽ വിശദീകരിച്ചു. ആയതിമേൽ ചർച്ചനടത്തുകയും ചെയ്തു.

**<u>അജണ്ട -7</u>**

**വിഷയം: Implementation of Public FinancialManagement System -ന്യൂഡൽഹിയിൽ നടന്ന പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നതിന് ഐ.കെ.എം ജീവനക്കാർ വിമാനയാത്ര നടത്തിയ നടപടിയ്ക്ക് സാധൂകരണം നൽകുന്നത് - സംബന്ധിച്ച്.**

**<u>തീരുമാനം</u>**

ഐ.കെ.എം ജീവനക്കാർ വിമാനയാത്ര നടത്തിയ നടപടി സംബന്ധിച്ച വിശദമായ റിപ്പോർട്ട് സാധൂകരണത്തിനായി ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിക്ക് സമർപ്പിക്കുന്നതിന് എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ചു. സർക്കാരിന്റെ മുൻകൂർ അനുമതിയോടുകൂടി മാത്രമേ ഇനി ഇത്തരം വിമാന യാത്രകൾ നടത്താവൂ എന്നും യോഗം അറിയിച്ചു.

**<u>അജണ്ട -8</u>**

**വിഷയം: M/s Rathnam & Murthy, Chartered Accountants നെ 2021-22 സാമ്പത്തിക വർഷത്തിലെ Internal Auditor ആയി നിയമിച്ച നടപടി സംബന്ധിച്ച്.**

ഐ.കെ.എമ്മിന്റെ 2021-22 വർഷത്തെ Internal Audit ചെയ്യുന്നതിന് Rs. 2,82,000/- plus GST നിരക്കിൽ, Internal Auditor ആയി M/s Rathnam & Murthy, Chartered Accountants, T.C. 9/1302. Lakshmi, TRRWA-21, Temple Road, Sasthamangalam, Thiruvananthapuram നെ നിയമിച്ച നടപടി എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തി.

**അജണ്ട –9**

**വിഷയം: ഐ.കെ.എമ്മിന്റെ 2020–21 സാമ്പത്തിക വർഷത്തെ ആഡിറ്റ് ചെയ്ത ബാലൻസ് ഷീറ്റ്, വരവ്, ചെലവ് കണക്ക് എന്നിവ അംഗീകരിക്കുന്നത് സംബന്ധിച്ച്.**

**തീരുമാനം**

മാറ്റിവച്ചു. ഒരു External Committee രൂപീകരിച്ച് മുൻവർഷത്തെ കണക്കുകൾ വിശദമായി പരിശോധിച്ച് അന്തിമമാക്കി എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ സമർപ്പിക്കുന്നതിന് തീരുമാനിച്ചു.

**അജണ്ട –10**

**വിഷയം: ഐ.കെ.എം ജീവനക്കാർക്ക് ശമ്പള വർധനവ് ലഭിക്കുന്നതുവരെ ഇടക്കാലാശ്വാസം അനുവദിക്കുന്നത് സംബന്ധിച്ച്.**

**തീരുമാനം**

സർക്കാരിന് ബാധ്യത ഇല്ലാതെ ഐ.കെ.എമ്മിന്റെ മറ്റ് പ്രോജക്റ്റ് ഫണ്ടിൽ നിന്നും ശമ്പള വർദ്ധനവിനുള്ള തുക കണ്ടെത്തുന്ന താണെന്നുള്ള വിവരം സർക്കാരിനെ അറിയിക്കുന്നതിന് തീരുമാനിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ ഒരു പ്രൊപ്പോസൽ സർക്കാരിലേക്ക് നല്കുന്നതിനും, ഫിനാൻസ് വകുപ്പിൽ നിലവിലുള്ള ശമ്പള വർധനവിന്റെ ഫയൽ കൃത്യമായി Followup ചെയ്യുന്നതിനും യോഗം നിർദ്ദേശിച്ചു.

**അജണ്ട –11**

**വിഷയം: തദ്ദേശ സ്ഥയംഭരണ സ്ഥാപനങ്ങളുടെ വിവിധ ഡേറ്റാ നൽകുന്നതുമായി ബന്ധപ്പെട്ട് ഐ.കെ.എമ്മിലേക്ക് വരുന്ന അപേക്ഷകളിൻമേൽ തീരുമാനം എടുക്കുന്നത് സംബന്ധിച്ച്.**

**തീരുമാനം**

കേന്ദ്ര ഐ.ടി നയവും, കേരള ഐ.ടി ഡിപ്പാർട്ട്മെന്റിന്റെ Open Date Policy യും പരിശോധിച്ച് ഒരു സൈബർ നയം രൂപപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് കമ്മിറ്റി നിർദ്ദേശിച്ചു.

**അജണ്ട –12**

**വിഷയം: PGDCA, മറ്റ് മൂന്ന് വർഷ ഡിഗ്രി (other than computer related subjects)/ഡിപ്ലോമ" എന്നീ വിദ്യാഭ്യാസ യോഗ്യതയുള്ള 7 ജീവനക്കാരെ നോൺ ടെക്നിക്കൽ വിഭാഗത്തിൽ നിന്ന് ടെക്നിക്കൽ വിഭാഗത്തിലേക്ക് മാറ്റുന്നത് സംബന്ധിച്ച്.**

**തീരുമാനം**

ഒരു External Technical Committee രൂപീകരിച്ച് അജണ്ട–12 ൽ സൂചിപ്പിച്ചിട്ടുള്ള 7 ജീവനക്കാരുടെ Technical Assessment നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് തീരുമാനിച്ചു.

**യോഗം 5.00 PM ന് അവസാനിച്ചു.**

26/04/23

**ചീഫ് മിഷൻ ഡയറക്ടർ & എക്സിക്യൂട്ടീവ്  ഡയറക്ടർ (I/c)**
**ഇൻഫർമേഷൻ കേരള മിഷൻ**
**(മെമ്പർ സെക്രട്ടറി)**

**അഡീഷണൽ ചീഫ് സെക്രട്ടറി**
**തദ്ദേശ സ്വയംഭരണ വകുപ്പ്**
**(ചെയർപേഴ്സൺ)**